# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3503 14.03.2017 ൽ മറുപടിയ്ക്ക്

## നാനോ എക്സൽ കമ്പനിക്കെതിരായ കേസ് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നാനോ എക്സൽ കമ്പനിയുടെ തൃശ്ശൂർ,എറണാകുളം, ബാംഗ്ലൂർ ഓഫീസുകളിൽ നിന്ന് കമ്പനിയുടെ വെബ് സൈറ്റും അക്കൗണ്ടും അടങ്ങിയ കംപ്യൂട്ടറുകൾ പിടിച്ചെടുത്ത സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ലഭ്യമാക്കാമോ; 17/07/2015 ൽ ഒന്നാം പ്രതി മദിനേനിയിൽ നിന്നും ഹൈദ്രാബാദിൽ വെച്ച് പിടിച്ചെടുത്ത ലാപ് ടോപ്പ് സി-ഡാകിൽ പരിശോധനയ്ക്ക് കൊടുത്തതിന്റെ ക്വസ്റ്റ്യനെയർ ലഭ്യമാക്കുമോ; പിടിച്ചെടുത്ത ലാപ് ടോപ്പും കംപ്യൂട്ടറുകളും പരിശോധനയ്ക്ക് നൽകിയത് എന്നാണ്; | (എ) നാനോ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 645 കേസ്സുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിയിട്ടുള്ളതും ആയതിൽ 171 കേസ്സുകൾ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ കോടതിയുടെ പരിഗണനയിലായതിനാൽ കമ്പ്യൂട്ടറുകൾ പിടിച്ചെടുത്ത സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരവും പിടിച്ചെടുത്ത ലാപ്പ്ടോപ്പ് സി-ഡാക്കിൽ പരിശോധനയ്ക്കായി കൊടുത്തതിന്റെ ചോദ്യാവലിയും നല്കുവാൻ നിർവ്വാഹമില്ല. |
| (ബി) നാനോ എക്സൽ കമ്പനി എം.ഡി. മദിനേനിയുടെ ഭാര്യയുൾപ്പെടെയുള്ള എത്ര പ്രതികളെ അറസ്റ്റ ചെയ്യാനുണ്ട്; പേരു വിവരങ്ങൾ അറിയിക്കുമോ; | (ബി) നാനോ എക്സൽ കമ്പനി തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകളിൽ ഇനി അറസ്റ്റ ചെയ്യപ്പെടാനുള്ള പ്രതികളുടെ പേരുവിവരം അനുബന്ധം 1 ആയി ഉൾക്കൊള്ളിക്കുന്നു. |
| (സി) കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടു കെട്ടിയതിന്റെയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതിന്റെയും രേഖകൾ, തീയതി ഉൾപ്പെടെ ലഭ്യമാക്കുമോ; എത്ര കേസുകളിൽ കുറ്റപത്രം കൊടുത്തു എന്നത് ക്രൈം നമ്പർ സഹിതം ലഭ്യമാക്കുമോ; പണവും വാഹനവും റവന്യൂ ഇന്റലിജൻസിന് കൈമാറിയ രേഖ ലഭ്യമാക്കാമോ; | (സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ക്രൈംബ്രാഞ്ചിൽ 645 കേസ്സുകളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്. അവയിൽ 171 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ 40 കേസ്സുകളിൽ വിവിധ ജില്ലകളിലായി അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിൽ 21 കേസ്സുകളിന്മേൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ ക്രൈം നമ്പരുകൾ ഇതോടൊപ്പം അനുബന്ധം 2 ആയി ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട 171 കേസ്സുകൾ കോടതിയുടെ പരിഗണനയിലായതിനാൽ മറ്റ് രേഖകൾ നല്കുവാൻ നിർവ്വാഹമില്ല. |

(ഡി) കേരളത്തിൽ കമ്പനിക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) കേരളത്തിൽ കമ്പനിക്കെതിരെ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ 645 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനു പുറമേ പ്രസ്തുത കമ്പനിക്കെതിരെ 40 കേസുകൾ വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്